"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.ഇ2/59/2026-ഐ&പി.ആർ.ഡി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്
തിരുവനന്തപുരം
തിയതി: 14-07-2026

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- വിവര പൊതുജന സമ്പർക്ക - ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞ ചടങ്ങിന്റെ ഫോട്ടോകൾ ലാമിനേറ്റ് ചെയ്യുന്നതിന് ഇ ടെൻഡർ പ്രകാരം ഏജൻസികളെ തിരഞ്ഞെടുക്കുന്നതിന് പത്ര പരസ്യം നൽകുന്നത്-സംബന്ധിച്ച്

സൂചന:- ഇതോടൊപ്പം ഉള്ളടക്കം ചെയ്ത കോട്ടേഷൻ

സൂചനയിലേയ്ക്ക് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എഫ്) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞ ചടങ്ങിന്റെ ഫോട്ടോകൾ ലാമിനേറ്റ് ചെയ്യുന്നതിന് 2 പ്രമുഖ മലയാള പത്രങ്ങളിൽ പരസ്യം നല്കാവുന്നതാണെന്ന വിവരം ടി വകുപ്പിനെ അറിയിക്കാവുന്നതാണ്.

SABIN SAMEED I A S
DIRECTOR

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എഫ്) വകുപ്പ്, വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Digitally signed by
Kavitha. G R
Date: 15-07-2026
11:15:16

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഇ2/59/2026- -ഐ&പി.ആർ.ഡി
വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
തിരുവനന്തപുരം 14-07-2026,

<u>ഇ ടെൻണ്ടർ അപേക്ഷ ക്ഷണിക്കുന്നു.</u>

ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞ ചടങ്ങിന്റെ ഫോട്ടോകൾ ലാമിനേറ്റ് ചെയ്യുന്നതിന് ഇ ടെൻഡർ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ വകുപ്പിന്റെ www.prd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പരസ്യ തീയതി മുതൽ 14 ദിവസത്തിനകം ഇ ടെൻണ്ടർ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് 0471 - 7321

SABIN SAMEED I A S
DIRECTOR

ഇ2/59/2026- -ഐ&പി.ആർ.ഡി
വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
തിരുവനന്തപുരം
14-07-2026,

**ഇ ടെൻഡർ നോട്ടീസ്**

ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞ ചടങ്ങിന്റെ ഫോട്ടോകൾ ലാമിനേറ്റ് ചെയ്തു നൽകുന്നതിന് മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിക്കുന്നു.

**വകുപ്പ് നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ താഴെ പറയും പ്രകാരമാണ്**

- ടെൻഡർ പൂർണ്ണമായും ഓൺലൈൻ മുഖാന്തരമായിരിക്കും.
- നിരോധനം ഏർപ്പെടുത്തിയിട്ടുള്ള/ കരിമ്പട്ടികയിൽപ്പെടുത്തിയ /സസ്പെൻഡ് ചെയ്ത ഏജൻസികൾ/ വ്യക്തികൾക്ക് ടെണ്ടറിൽ പങ്കെടുക്കാൻ അർഹതയില്ല
- ടെൻഡറിൽ പങ്കെടുക്കുന്ന ഏജൻസികൾ/ വ്യക്തികൾ ടെൻഡർ ഫീ ആയി 826/- രൂപയും നിരത ദ്രവ്യമായി 2625/- രൂപയും ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടെൻഡർ ഫീസിന് ആനുപാതികമായി ജി.എസ്.ടി അടച്ച് ചലാൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. നിരത ദ്രവ്യമായി അടയ്ക്കുന്ന തുക ടെൻഡർ നടപടികൾ പൂർത്തീകരിച്ച ശേഷം തിരികെ നൽകുന്നതാണ്.
- കരാർ ലഭിച്ച ശേഷം ലംഘനം നടത്തുന്ന ഏജൻസികൾ/ വ്യക്തികൾ എന്നിവരെ പരിഗണിക്കാതിരിക്കാനും, കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ/ വ്യക്തികളുടെ കരാർ റദ്ദാക്കാനുള്ള അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ടെൻഡർ സ്വീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച അന്തിമ അധികാരം വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ടെൻഡർ ജയിച്ച ലേലക്കാരൻ നിർദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ച് ജോലി പൂർത്തിയാക്കേണ്ടതാണ്.
- സത്യപ്രതിജ്ഞ ചടങ്ങിന്റെ ലാമിനേറ്റ് ചെയ്യേണ്ട ഫോട്ടോ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

**Photo Size - 36 Inch X 24 Inch**
**Frame - 3.25 Inch Synthetic Frame**
**Print - High Quality Photo Print with lamination**
**Frame Back - Multi wood Covering with Black Sticker**
**Quantity - 21 X 2 = 42 Nos**

വിശദ വിവരങ്ങൾ വകുപ്പിന്റെ www.prd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ടെൻഡറിൽ പങ്കെടുക്കുന്നവർ Bill of Quantity കൃത്യമായി പൂരിപ്പിക്കേണ്ടതാണ്.

SABIN SAMEED I A S
DIRECTOR